പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6804 — 2/11/2011 -ൽ മറുപടിക്ക്

## കാലപ്പഴക്കം ചെന്ന വാഹനങ്ങൾ സ്കൂൾ ബസ്സുകളാക്കി ഉപയോഗിക്കുന്നത് പരിശോധിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) പബ്ലിക് യൂട്ടിലിറ്റിക്ക് അനുയോജ്യമല്ലെന്ന് കണ്ട്, ലേലം ചെയ്യുന്ന കാലപ്പഴക്കം ചെന്ന വാഹനങ്ങൾ, ലേലത്തിൽപ്പിടിച്ച് സ്കൂൾ ബസ്സുകളാക്കി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. |
| (ബി) സ്കൂൾ വാഹനങ്ങൾ അപകടത്തിൽപ്പെടുന്നതിന്റെ ഒരു പ്രധാന കാരണം ഇതാണെന്ന വസ്തുത അന്വേഷണവിധേയമാക്കിയിട്ടുണ്ടോ; | (ബി) ഇക്കാര്യത്തിൽ ആധികാരികമായി മറുപടി നൽകേണ്ടത് മോട്ടോർ വാഹന വകുപ്പാണ്. പ്രസ്തുത വകുപ്പിൽ നിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന കാര്യം വ്യക്തമാക്കാമോ ? | (സി) വാഹനങ്ങളുടെ പഴക്കം സംബന്ധിച്ചുള്ള നിലവിലുള്ള നിയമങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തുവാൻ ട്രാൻസ്പോർട്ട് വകുപ്പ് 07/06/2011ൽ പുറപ്പെടുവിച്ച ഉത്തരവ് നമ്പർ 6011/ഡി3/2011-ന്റെ അടിസ്ഥാനത്തിൽ വാഹനങ്ങളുടെ പഴക്കം സംബന്ധിച്ച് നിലവിലുള്ള നിയമങ്ങൾ പാലിയ്ക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും, ക്ഷമത സ്ഥിരമായി പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും 27.09.2011-ലെ എം4/40015/11/ഡി.പി.ഐ. നമ്പർ സർക്കുലർ പ്രകാരം ആവശ്യമായ സുരക്ഷാ നിർദ്ദേശങ്ങൾ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ